## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 910** **02-02-2026 - ൽ മറുപടിയ്ക്ക്**

## കൊറഗ ഗോത്രവർഗ്ഗ വിഭാഗത്തിന്റെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ ബദിയഡുക്ക മേഖലയിൽ ഉൾപ്പെടെ ജീവിക്കുന്ന പ്രാക്തന ഗോത്രവർഗ്ഗ വിഭാഗമായ കൊറഗ വിഭാഗത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (എ) | കാസർഗോഡ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് പരിധിയിൽ ബദിയടുക്ക മേഖലകളിൽ ഉൾപ്പെടെ താമസിക്കുന്ന പ്രാക്തന ഗോത്ര വിഭാഗമായ കൊറഗരുടെ സാമൂഹ്യ വികസനത്തിനായി പി.വി.ടി.ജി പദ്ധതിയിലുൾപ്പെടുത്തി 216 വീടുകളും കുടിവെള്ള പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. അടിയ പണിയ പദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്ക് സ്കൂൾ ആവശ്യത്തിനായി നോട്ട് ബുക്കുകൾ, കുട, ചെരുപ്പ്, യൂണിഫോം, ബാഗ് മുതലായവ വിതരണം ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പി.എം. ജന്മൻ പദ്ധതിയുലൂൾപ്പെടുത്തി കൊറഗ വിഭാഗത്തിന്റെ സമഗ്ര വികസനത്തിനായി റോഡ് വികസനം, ജലവിതരണം, വൈദ്യുതവത്ക്കരണം, വീട് നിർമ്മാണം, ആയുഷ്മാൻ കാർഡ് വിതരണം, വോർക്കാടി പഞ്ചായത്തിലെ തിമ്മൻഗുരാനെയിൽ ജില്ലാ നിർമ്മിതി കേന്ദ്ര മുഖേന നിർമ്മിക്കുന്ന മൾട്ടി പർപ്പസ് സെന്ററിന്റെ നിർമ്മാണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൊറഗവിഭാഗക്കാർക്ക് കൈവശഭൂമിക്ക് പട്ടയം അനുവദിക്കുന്നതിന്റെ ഭാഗമായി ഓപ്പറേഷൻ സ്മൈൽ പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ ഭാഗമായി നാളിതു വരെ 539 കൊറഗ കുടുംബങ്ങളുടെ ഭൂമി സർവ്വെ ചെയ്യുകയും 155 പേർക്ക് പട്ടയം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആധികാരിക രേഖകളില്ലാത്ത പിവിടിജി വിഭാഗക്കാർക്ക് ABCD പദ്ധതിയനുസരിച്ച് ആധികാരിക രേഖകൾ വിതരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ